# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം * 756 16.07.2014- ൽ മറുപടിക്ക്

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. വി. ശശി
ശ്രീ. സി. ദിവാകരൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. ഇ. ചന്ദ്രശേഖരൻ

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നെയ്ത്തുകാരുടെ അഭാവം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ മേഖല സംരക്ഷിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കൈത്തറി വസ്ത്രങ്ങൾക്ക് ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെ ങ്കിൽ ഈ ടാക്സ് നൽകേണ്ട വിറ്റുവരവ് പരിധി എത്രയാണെന്ന് വെളിപ്പെടു ത്തുമോ ;

(ബി) കഴിഞ്ഞ വർഷത്തെ വിൽപന ഒരു കോടിയിൽ അധികമാണെങ്കിൽ 2% ടേൺ ഓവർ ടാക്സ് കൈത്തറി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട് ആന്റ് റൂളിലെ സെക്ഷൻ 6(4)പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് നികുതി പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ, കൈത്തറി ഉൽപന്നങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണോ ;

(സി) കേരള മൂല്യ വർദ്ധിത നിയമത്തിന്റെ 6-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. കൈത്തറി തുണി, കൈത്തറി ബെഡ് ഷീറ്റ്, കൈത്തറി തലയിണ ഉറ തുടങ്ങിയ ഇനങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണ്. എന്നാൽ കൈത്തറി കൊണ്ടുള്ള റെഡിമെയ്ഡ് ഇനങ്ങൾ, പരവതാനികൾ തുടങ്ങിയവയ്ക്ക് 5 ശതമാനമാണ് നികുതി നിരക്ക്.

(ഡി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് കൈത്തറി വസ്ത്രങ്ങൾക്ക് വിൽപന നികുതി ഈടാക്കുന്നുണ്ടോ; ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തും കൈത്തറി-ഖാദി മേഖലകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊന്നും നികുതി ഈടാക്കുന്നില്ല. ഇവയുടെ നികുതി ഒഴിവാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## <u>കൈത്തറി വ്യവസായ മേഖല സംരക്ഷിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം</u>

1) അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

3)ഹാൻടെക്സിനും, ഹാൻവീവിനും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഉത്സവ സീസണുകളിൽ 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപനക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.(5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)

4)വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

5)നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 19 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂ മുകൾ നിർമ്മിക്കുന്നതിനും സഹായം നൽകി. 3 ഷോറൂമുകളുടെ പണി പൂർത്തീകരിച്ചു.

6)കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു.

7)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

8)കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

9)കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

10)കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

11)പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു. ഇതു വഴി പ്രവർത്തന മൂലധനം സ്വരൂപീകരിക്കാൻ കഴിയുന്നു.

12)കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

13)കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

14)അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

15)ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്ത് കാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

16)ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളെയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

17)കൈത്തറി മേഖലയിൽ കേന്ദ്ര ഗവണ്മെന്റിന്റെ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഇതുവഴി പ്രാഥമിക കൈത്തറി സംഘങ്ങളുടേയും, ഹാന്റക്സിന്റേയും വ്യക്തിഗത യൂണിറ്റുകളുടേയും 31.03.2010 വരെയുള്ള വായ്പാ കുടിശ്ശിക 100%വും പലിശയുടെ 25%വും എൻ.പി.എ ആകുന്നതുവരെ ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ഒന്നാംഘട്ടത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 124 സംഘങ്ങളിൽ 122 പ്രാഥമിക സംഘങ്ങൾക്കും, 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**